**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4707** **02-07-2024 - ൽ മറുപടിയ്ക്ക്**

**കല്ലായി പുഴയിലെ ചെളി നീക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കല്ലായി പുഴയിലെ ചെളി നീക്കൽ പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിലെ കല്ലായ് പുഴയിൽ കടുപ്പിനി മുതൽ കോതി വരെയുള്ള 4.20 കി.മി ദൂരത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണ്ണും നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനായി "Desilting of Kallai River from Kaduppini to Kothi in Kozhikode Corporation' എന്ന പ്രവൃത്തിക്ക് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 790 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖാന്തരം ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. ആദ്യതവണ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് റീ ടെണ്ടർ ചെയ്യുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (എസ്റ്റിമേറ്റിനേക്കാൾ 34.39% അധികനിരക്ക്) ടെണ്ടർ അംഗീകരിക്കുന്നതിനായി വീണ്ടും റീ ടെണ്ടർ ചെയ്യുന്നതിന് സർക്കാർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് ചെയ്ത 3,4 ടെണ്ടറുകളിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് അഞ്ചാം തവണ ടെണ്ടർ ചെയ്യുകയും പ്രസ്തുത കരാറുകാരൻ 217.11% അധിക നിരക്ക് quote ചെയ്തതിനെ തുടർന്ന് ടെണ്ടർ നിരസിക്കുകയുണ്ടായി. നിലവിൽ 2024 ജനുവരി മാസം ആറാം തവണ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത (എസ്റ്റിമേറ്റിനേക്കാൾ 56% അധിക നിരക്ക്) ടെണ്ടർ അംഗീകരിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. അധികമായി വേണ്ടി വരുന്ന 5.08 കോടി രൂപയ്ക്ക് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറക്ക് ടെണ്ടർ അംഗീകരിക്കുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ